സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

കോവിഡ് - 19 രോഗവ്യാപനം - നിയന്ത്രണങ്ങൾ - തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഫീസുകളുടെയും, ക്ഷേത്രങ്ങളുടെയും പ്രവർത്തനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 3701/20/Est-I (i)** നന്തൻകോട്, **27.01.2022**

---

**പരാമർശം :- 27.01.2022ലെ ബോർഡ് തീരുമാനം**

## ഉത്തരവ്

സംസ്ഥാനത്ത് കോവിഡ് -19 വ്യാപനത്തെ തുടർന്ന് ജില്ലാ തലത്തിൽ വിവിധ നിയന്ത്രണങ്ങൾ നിലവിലുണ്ട്. ഇക്കാര്യം പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ബോർഡുത്തരവാകുന്നു.

(1) കോവിഡ്-19-മായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടങ്ങൾ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വങ്ങളും, ഓഫീസുകളും പ്രവർത്തിക്കേണ്ടതാണ്. ബന്ധപ്പെട്ട ഓഫീസ് മേധാവികൾ, ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ, ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

(2) ക്ഷേത്രങ്ങളിലെ ഉൽസവാദി വിശേഷങ്ങൾ ജില്ലാ ഭരണകൂടങ്ങൾ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ പാലിച്ച് നടത്തേണ്ടതാണ്. ബന്ധപ്പെട്ട സബ്ഗ്രൂപ്പ് ഓഫീസർമാർ, ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ, ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)